**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4577** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കായി നടപ്പിലാക്കിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 14.03.1995-ലെ ജി.ഒ(പി)നം.44/95/സഹ ഉത്തരവ് പ്രകാരം 03.06.1993 മുതൽ പ്രാബല്യം നൽകി കേരള സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നിലവിൽ വരികയും പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിക്കുകയുമുണ്ടായി. പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് അംഗീകാരം നൽകുന്നതും 15 അംഗ ഭരണ സമിതിയാണ്. ഭരണ സമിതിയിലെ ഒരു അംഗത്തെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.<br><br>പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ പദ്ധതി ബാധകമായിരുന്നത് ഇ.പി.എഫ്.-ൽ ഉൾപ്പെട്ടിട്ടില്ലാത്തതും സഹകരണസംഘം രജിസ്ട്രാറിന് കീഴിൽ ഉള്ളതുമായ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായിരുന്നു. ക്രമേണ വിവിധ ഉത്തരവുകൾ മുഖേന മറ്റ് വിഭാഗങ്ങൾക്കും പദ്ധതി ബാധകമാക്കുകയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, ഇതര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി എന്നിവ നിലവിലുണ്ട്.<br><br>മേൽ പറഞ്ഞ പദ്ധതികളെല്ലാം സ്വാശ്രയ പദ്ധതികളാണ്. ജീവനക്കാരുടെ സർവ്വീസ് കാലയളവിലെ വേതനത്തിന്റെ നിശ്ചിത നിരക്കിൽ അടവാക്കുന്ന തൊഴിലുടമ വിഹിതത്തിൽ നിന്നാണ് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത്. നിലവിലെ പെൻഷൻ ഫണ്ട് |

| | | | |
|---|---|---|---|
| | | | വിഹിത നിരക്ക് ജീവനക്കാരുടെ (അടിസ്ഥാന ശമ്പളം + ഡി.എ.) -യുടെ 12% ആണ്.<br><br>കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 1994 പ്രകാരം 01.01.1974 മുതൽ വിരമിച്ച ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ട്. സഹകരണ സംഘം രജിസ്ട്രാറിന്റെ കീഴിലുള്ള എല്ലാ പ്രൈമറി, റീജിയണൽ, സെൻട്രൽ, അപ്പെക്സ് സ്ഥാപനങ്ങൾക്കും സഹകരണേതര വകുപ്പുകളായ കയർ, ക്ഷീരം, കൈത്തറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് വകുപ്പുകളുടെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും കൂടാതെ സഹകരണ നിയമ പ്രകാരം രൂപീകരിച്ച വിവിധ ബോർഡുകൾക്കും ഈ പദ്ധതി ബാധകമാണ്. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 2005 പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് (നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്) 01.01.1974 മുതൽ വിരമിച്ചവർക്ക് പെൻഷന് അർഹതയുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ പദ്ധതി നിലവിൽ വന്നത് ഏത് വർഷം മുതലാണെന്നും അതിന് മുമ്പ് വിരമിച്ച ജീവനക്കാരുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി ഉത്തരവായത് 14/03/1995 തീയതിയിലെ ജി.ഒ(പി)നം. 44/95/സഹ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം 03/06/1993 തീയതി മുതൽ വിരമിച്ച ജീവനക്കാർക്കാണ് പദ്ധതി ബാധകം. തുടർന്ന് 24/03/2003-ലെ ജി.ഒ(പി)നം.58/2003/ സഹ ഉത്തരവ് പ്രകാരം 01/01/1974 നും 03/06/1993-നും ഇടയ്ക്ക് വിരമിച്ചവർക്ക് പദ്ധതി ബാധകമാക്കിയിട്ടുണ്ട്. 1974-ന് മുൻപ് വിരമിച്ചവർക്കോ അവരുടെ ആശ്രിതർക്കോ ആയി പ്രത്യേകമായി പദ്ധതി ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ പെൻഷൻ പദ്ധതിയിൽ അംഗമായ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച് പെൻഷൻ ഫണ്ട് അടവാക്കാൻ സാധിക്കാത്തതിനാൽ യാതൊരു പെൻഷനും ലഭിയ്ക്കാത്ത 75 വയസ്സ് പൂർത്തീകരിച്ചവർക്ക് ആശ്വാസ് സമാശ്വാസ പെൻഷൻ അനുവദിയ്ക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് 01/09/2014 മുതൽ പ്രാബല്യത്തിലുണ്ട്. നിലവിൽ പ്രതിമാസ ആശ്വാസ് പെൻഷൻ 1750/-രൂപയാണ്. |
| (സി) | നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മിനിമം പെൻഷൻ, മാക്സിമം പെൻഷൻ എന്നിങ്ങനെയുള്ള നിബന്ധനകളുണ്ടോ; വിശദമാക്കുമോ? | (സി) | പെൻഷൻ പദ്ധതികൾ പ്രകാരം അനുവദിയ്ക്കുന്ന മിനിമം പെൻഷൻ 3600/- രൂപയാണ്. സൂപ്പറാനുവേഷൻ പെൻഷൻ, റിട്ടയറിങ്ങ് പെൻഷൻ, |

| | | | |
|---|---|---|---|
| | | | ഇൻവാലിഡ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്കാണ് മിനിമം പെൻഷന് അർഹത. പ്രൈമറി പെൻഷൻ പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 17,850/- രൂപയും സംസ്ഥാന/ജില്ല സഹകരണ ബാങ്ക് പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 26,180/- രൂപയുമാണ്. പെൻഷന് പുറമേ 600/- രൂപ മെഡിക്കൽ അലവൻസും പ്രതിമാസം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ